പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 184 **27-10-2026-ൽ മറുപടിയ്ക്ക്**

സ്പീക്ക് അപ്പ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഗാർഹിക പീഡനം തടയുന്നതിനും അതിജീവിതയ്ക്ക് സുരക്ഷ ഉറപ്പാക്കുന്നതിനുമായി കേരള പോലീസ് രൂപീകരിച്ച സ്പീക്ക് അപ്പ് പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

മറുപടി: ഗാർഹിക പീഡനം തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്ക് സമഗ്രമായ സംരക്ഷണവും പിന്തുണയും ഉറപ്പാക്കുന്നതിനും സുരക്ഷിതമായി പരാതികൾ സമർപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുമായി കേരള പോലീസ് 03.10.2026-ലെ നം. എസ്2/187942/2026/ പി.എച്ച്.ക്യൂ ഉത്തരവ് പ്രകാരം "സ്പീക്ക് അപ്പ്" (Speak Up) ആരംഭിച്ചിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് നിയമപരമായ സംരക്ഷണവും നീതിയും ഉറപ്പാക്കുക, മാനസിക പിന്തുണയും സുരക്ഷിത താമസസകര്യവും ഉപജീവന സഹായവും ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾ ഭയമോ ആശങ്കയോ മൂലം പരാതി നൽകുന്നതിൽ നിന്ന് പിന്തിരിയാതെ സഹായം തേടുന്നതിനും സുരക്ഷിതമായ ജീവിതം പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ സാഹചര്യം ഒരുക്കുന്നതിനൊപ്പം, ഗാർഹിക പീഡന പരാതികളിൽ സമയബന്ധിതമായ പോലീസ് ഇടപെടൽ ഉറപ്പാക്കുകയും തൊഴിൽപരിശീലനവും അനുബന്ധ പിന്തുണയും ലഭ്യമാക്കി സ്ത്രീകളുടെ സ്വയം പര്യാപ്തത പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

(ബി) ഗാർഹിക അതിക്രമം തടയുക, അതിജീവിതയ്ക്ക് നിയമസഹായവും കൗൺസിലിങ്ങും ഉറപ്പാക്കുക, സുരക്ഷിതമായ താമസവും ഉപജീവന പിന്തുണയും ലഭ്യമാക്കുക എന്നിവയ്ക്കായി പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: ഗാർഹിക പീഡനം തടയുക, അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ നിയമ പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകുക, പരാതിയിന്മേൽ സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം യഥാസമയം അറിയിക്കുക, അതിജീവിതരുടെ മാനസികാവസ്ഥ പരിഗണിച്ച് കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഷെൽട്ടർ ഹോമുകളിൽ സുരക്ഷിത താമസ സൗകര്യം ഏർപ്പെടുത്തുക, ഉപജീവന സഹായം ലഭ്യമാക്കുക എന്നിവയാണ് സ്പീക്ക് അപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഗാർഹിക പീഡന പരാതികളിൽ സമയബന്ധിതമായ പോലീസ് ഇടപെടൽ ഉറപ്പാക്കുന്നതിനും ഓരോ

കേസിന്റെയും പുരോഗതി നിരീക്ഷിച്ച് ആവശ്യമായ തുടർപിന്തുണ ലഭ്യമാക്കുന്നതിനുമായി പ്രത്യേക ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പോലീസ് സഹായം തേടിയെത്തുന്നവരോട് സഹാനുഭൂതിയോടെയും സൗഹാർദ്ദപരമായും പെരുമാറുന്നതിനും വ്യക്തിപരമായ താൽപര്യങ്ങളുടെയോ മുൻവിധികളുടെയോ സ്വാധീനമില്ലാതെ മാന്യമായ ഭാഷയിൽ നിയമനടപടികളും അവകാശങ്ങളും സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ നൽകുന്നതിനും പോലീസ് സ്റ്റേഷനുകളിലെ വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകിവരുന്നു. സംസ്ഥാന നോഡൽ ഓഫീസറായ ഇൻസ്പെക്ടർ ജനറൽ ഓഫ്.പോലീസ്, ഇ.ഒ.ഡബ്ല്യൂ.(EOW) യുടെ മേൽനോട്ടത്തിലാണ് ഈ ദൗത്യസംഘം പ്രവർത്തിക്കുന്നത്

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ ഹെല്പ് ലൈൻ, വാട്സ്ആപ്പ്, പ്രത്യേക മൊബൈൽ ആപ്പ് എന്നിവയിലൂടെ പരാതികൾ വേഗത്തിൽ രജിസ്റ്റർ ചെയ്യാനും സമയബന്ധിതമായി സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് പരാതിസമർപ്പിക്കുന്നത് മുതൽ നിയമസഹായം, കൗൺസിലിംഗ്, പുനരധിവാസം എന്നിവ ലഭ്യമാക്കുന്നതു വരെയുള്ള വിവിധ ഘട്ടങ്ങളിൽ ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് . നേരിട്ടോ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയോ പ്രത്യേക മൊബൈൽ ആപ്പ് വഴിയോ പോലീസിന്റെ സഹായം തേടാവുന്നതാണ്. കൂടാതെ, അടിയന്തര പോലീസ് സഹായത്തിനായി ടോൾ ഫ്രീ നമ്പറുകളായ 112, 181 എന്നിവയും സൗജന്യ നിയമസഹായം ലഭ്യമാക്കുന്ന തിനായി 15100 എന്ന ഹെൽപ്പ് ലൈൻ നമ്പറും പ്രയോജനപ്പെടുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ